പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2018 നവംബർ 29, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 549
ശ്രീ. പി.കെ. ബഷീർ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികൾ വഴിയാണ് നടപ്പിലാക്കുന്നതെന്നും എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നും നടപ്പിലാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) യും തയ്യാറാക്കി വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരെഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിയ്ക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളു. പദ്ധതിയ്ക്കു വേണ്ടിയുള്ള ടെണ്ടർ നടപടികൾക്കു മുന്നോടിയായി സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെയും വിവരശേഖരണം പുരോഗമിക്കുന്നു. ഒ.പി. ചികിത്സയ്ക്ക് നിലവിലുള്ള സംവിധാനം തുടരുന്നതാണ്. |
| (ബി) | കേരളത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം സർക്കാർ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയുമാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങളെയാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത രോഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതെന്നും ഒ.പി. ചികിത്സക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ എന്നും വിശദമാക്കാമോ; | |
| (ഡി) | പ്രസ്തുത പദ്ധതിക്കായി ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരിൽ നിന്നും പെൻഷൻകാരിൽ നിന്നും എത്ര തുക വീതമാണ് ഈടാക്കുന്നതെന്നും ഒരു വർഷത്തിൽ ചികിത്സയ്ക്കുള്ള ഇൻഷ്വറൻസ് പരിധി എത്രയാണെന്നും വെളിപ്പെടുത്തുമോ? | |

അക്കൗണ്ട്സ് ഓഫീസർ